പതിമൂന്നാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 602 — 29.07.2015 ൽ മറുപടിക്ക്

## ലഹരി വസ്തുക്കൾക്ക് അടിമപ്പെടുന്ന വിദ്യാർത്ഥികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.കെ.എസ്.സലീഖ<br>ഡോ.കെ.ടി.ജലീൽ<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീമതി.പി. അയിഷാ പോറ്റി | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) തിയേറ്ററുകളിലും ഒഴിഞ്ഞ പ്രദേശങ്ങളിലും പാർക്കുകളിലും ലഹരി വസ്തുക്കളുമായി വിദ്യാർത്ഥികളെ കാണപ്പെടുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) ഇത്തരം ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ലഹരിവസ്തുക്കളുപയോഗിച്ച് ഉന്മാദാവസ്ഥയിൽ കുട്ടികളെ കണ്ടെത്തിയിട്ടുള്ളതായി അറിയാമോ; | |
| (സി) സംസ്ഥാനത്തെങ്ങും ലഹരി വസ്തുക്കൾ ലഭിക്കുന്നതിന്റെയും വിദ്യാർത്ഥികൾ ഇതിനടിമപ്പെടുന്നതിന്റെയും കാരണങ്ങൾ പരിശോധിക്കുമോ? | (സി) പരിശോധിക്കുന്നുണ്ട്. ലഹരി വസ്തുക്കളുടെ വിൽപ്പനയിലൂടെ ലഭിക്കുന്ന അമിതമായ ലാഭവും അന്യസംസ്ഥാന തൊഴിലാളികളുടെ നിയന്ത്രണാതീതമായ വരവ് പോക്കുകളും, സർവ്വോപരി ഇത്തരം ലഹരി ഇടപാടുകളെക്കുറിച്ച് അധികാരികളെ വിവരങ്ങൾ അറിയിക്കുന്നതിന് പൊതുജനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപന അധികാരികൾക്കും ഉള്ള വിമുഖതയും, മാറി വരുന്ന ജീവിത സാഹചര്യങ്ങളും നവദൃശ്യ മാധ്യമങ്ങളുടെ സ്വാധീനവും അലോപ്പതി മരുന്നുകളുടെ വിപണനത്തിൽ പാലിക്കേണ്ട നിയന്ത്രണങ്ങൾ യഥാവിധി പാലിക്കപ്പെടാത്തതും സംസ്ഥാനത്ത് ചെറിയ അളവിലെങ്കിലും ലഹരിവസ്തുക്കൾ ലഭിക്കുന്നതിനും ഉപയോഗിക്കുന്നതിനും കാരണമാകുന്നുണ്ട്. കൂടാതെ കൂട്ടുകെട്ടുകളുടെയും എളുപ്പത്തിലുള്ളതും നൈമിഷികവുമായ |

സുഖാനുഭൂതിയിലുള്ള വർദ്ധിച്ചുവരുന്ന താൽപര്യവും
കൗമാര-യുവ കാലഘട്ടത്തെ ശരിയായ രീതിയിൽ
നേരിടാൻ പ്രാപ്തരാക്കുന്നതിന് ഉചിതമായ
മാതൃകകൾ സൃഷ്ടിക്കുന്നതിൽ ഉണ്ടായ അപചയവും
വിദ്യാർത്ഥികൾക്കിടയിൽ ലഹരി വസ്തുക്കളോടുള്ള
ആസക്തി വർദ്ധിപ്പിക്കുന്നു എന്നാണ്
മനസ്സിലായിട്ടുള്ളത്.

Rajani M

സെക്ഷൻ ഓഫീസർ